## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1678** **04.10.2016-ൽ മറുപടിയ്ക്ക്**

## തിരുവമ്പാടിയിൽ പുതിയ സബ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണത്തിലിരിക്കുന്നതും പ്രവൃത്തി ആരംഭിക്കാനുദ്ദേശിക്കുന്നതുമായ നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളുള്ള തിരുവമ്പാടി മണ്ഡലത്തിൽ വൈദ്യുത സംഭരണത്തിനും വിതരണത്തിനുമായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>(ബി) തമ്പലമണ്ണ 33 KV സബ് സ്റ്റേഷൻ ശേഷി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) & (ബി) തിരുവമ്പാടി മണ്ഡലത്തിൽ പ്രസരണമേഖലയിൽ 110/33/11 K.V സബ് സ്റ്റേഷൻ, (നാരാങ്ങാത്തോട്,), 66/11 K.V സബ്സ്റ്റേഷൻ, (അടിവാരം) തമ്പലമണ്ണ സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഈ സബ്സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്നതിനുള്ള 35 കി.മീ. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതും ഉൾപ്പെടെ യുള്ള പ്രവൃത്തികൾക്കായി 163 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തവർ തുക അടയ്ക്കുന്ന പക്ഷം പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച നെല്ലിക്കാപറമ്പ് 33 KV സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്. |

Kemalella

**സെക്ഷൻ ഓഫീസർ**